LBRD-C4/44/2025-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം - കൽപ്പറ്റ ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീ.മുസ്തഫ.എം.ബിയുടെ പിതാവിൻറെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നല്കുന്നതിനു ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.526/2026/LBR തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-

1. കൽപ്പറ്റ ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീ.മുസ്തഫ.എം.ബി 05/09/2022-ൽ സമർപ്പിച്ച അപേക്ഷ
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17/11/2024 തീയതിയിലെ എം.ആർ.6/20327/2024/ആ.വ.ഡ നമ്പർ കത്ത്.
3. ട്രെയിനിംഗ് ഡയറക്ടറുടെ 13/02/2025, 22/01/2026 എന്നീ തീയതികളിലെ ഡി.ടി/4665/2022/ബി6 നമ്പർ കത്തുകൾ.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കൽപ്പറ്റ ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീ.മുസ്തഫ.എം.ബിയുടെ പിതാവിൻറെ ചികിത്സയ്ക്ക് കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ (ആസ്റ്റർ മിംസ്) ചെലവായ തുക റീഇംബേഴ്സ് ചെയ്യണം എന്നഭ്യർത്ഥിച്ച് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ടി അപേക്ഷ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഈ വിഷയത്തിൽ അനുവദനീയമായ തുക 2,19,292/- രൂപയാണെന്ന് പരാമർശം 2 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൽപ്പറ്റ ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.മുസ്തഫ.എം.ബിയുടെ പിതാവിന്റെ ചികിത്സയ്ക്കായി കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ (ആസ്റ്റർ മിംസ്) 09.06.2022 - 15.06.2022 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്നറിയിച്ചിരിക്കുന്ന തുകയായ 2,19,292/- രൂപയുടെ 80% ആയ 1,75,434/- (ഒരു ലക്ഷത്തി എഴുപത്തയ്യായിരത്തി നാന്നൂറ്റി മുപ്പത്തിനാല് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നല്കുവാൻ ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷ, മെഡിക്കൽ ബില്ലുകൾ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം)

ശ്രീ.മുസ്തഫ.എം.ബി, സീനിയർ ഇൻസ്ട്രക്ടർ, ഐ.ടി.ഐ, കൽപ്പറ്റ (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. [28/11/2025 തീയതിയിലെ 3336862/ലോൺസ്-എൽ1/317/2025/ധന നമ്പർ നോട്ട് പ്രകാരം]

വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ് സൈറ്റിൽ നൽകുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Usha Rani L

Date: 31-03-2026 16:39:40

സെക്ഷൻ ഓഫീസർ